# മീരയുടെ നോവലുകൾ

## ആഖ്യാനം, സൗന്ദര്യം, ദർശനം

എഡിറ്റർ

ഡോ. ജെനിമോൾ കെ. വി.



## അകം

**മീരയുടെ സ്ത്രീകൾ**
ഡോ. ജെനിമോൾ കെ.വി.
**നോവലുകളിലെ മാധ്യമ സംസ്കാരം:**
**ആരാച്ചാർ മുൻനിർത്തിയുള്ള പഠനം**
ഡോ. ജെനിമോൾ കെ.വി.
**സത്യത്തിന്റെ കെട്ടുപോകാത്ത തിരികൾ**
ഡോ. തോമസ് സ്കറിയ
**ഒരു മീരാസാധുവിന്റെ ആത്മകഥ**
ഡോ. സ്വപ്ന ആന്റണി
**സൂര്യനെ അണിഞ്ഞ സ്ത്രീ:**
**സ്ത്രീ ജീവിതത്തിലെ വൈതരണികളുടെ കഥ**
ഡോ. സ്വപ്ന സി. കോമ്പാത്ത്
**പ്രകാശത്തിലേക്കു തുറക്കുന്ന കണ്ണുകൾ**
ഡോ. പ്രിൻസ്മോൻ ജോസ്
**പരപീഡരതിയുടെ ദുർവിശേഷങ്ങൾ**
നവാസ് മണ്ണൻ
**അനുഭവങ്ങളുടെ ഖബറിടങ്ങൾ**
ഡോ.നജ്മു കെ.
**ഓർമ്മയുടെ നാനാർത്ഥങ്ങൾ**
ഡോ. മെറിൻ ജോയ്
**പ്രണയദംശനത്തിന്റെ കരിനീലവർണങ്ങൾ**
രേഷ്മ വി.ബി.

# ഒരു 'മീരാസാധു'വിന്റെ ആത്മകഥ

ഡോ. സ്വപ്ന ആന്റണി

ഈ നൂറ്റാണ്ടിലെ നോവൽസാഹിത്യം ആഖ്യാനത്തിലും പ്രമേയത്തിലും പുതുവഴികളിലൂടെ സഞ്ചരിച്ചുകൊണ്ട് ഭാവുകത്വവിച്ഛേദം പ്രഖ്യാപിക്കുകയുണ്ടായി. അതുവരെയുള്ള എഴുത്തുരീതികളും ലോകബോധവും കർതൃത്വ സങ്കൽപ്പനങ്ങളും പൊളിച്ചെഴുതുന്ന മട്ടിലുള്ള നോവലുകളാണ് ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടുള്ളത്. പുരുഷാധികാരത്തിൽ അധിഷ്ഠിതമായ സമൂഹത്തിന്റെ നിയമങ്ങളും നീതിബോധവും സ്ത്രീസ്വത്വത്തെ കർതൃപദവിയിൽ നിന്ന് നിരാകരിക്കുവാൻ ശ്രമിച്ചതിനോടുള്ള എതിർപ്പിന്റെ ശബ്ദങ്ങൾ പ്രബലമായ ഒരു കാലം കൂടിയാണിത്. സ്ത്രീസ്വത്വബോധത്തിന്റെ തീക്ഷ്ണശബ്ദങ്ങൾ അടങ്ങിയ നിരവധി രചനകൾ കൊണ്ട് ഇക്കാലത്തെ മലയാളസാഹിത്യം സമ്പന്നമാണ്. മുഖ്യധാരാസാഹിത്യം രണ്ടാംകിടയെന്ന് മാറ്റിനിർത്തിയ സ്ത്രൈണസർഗാത്മകത, തങ്ങളെ ബന്ധിച്ചിരുന്ന സമൂഹത്തിന്റെ ചങ്ങലക്കെട്ടുപൊട്ടിച്ച് സ്വാതന്ത്ര്യം പ്രഖ്യാപിക്കുകയുണ്ടായി ഇക്കാലത്ത്. ലളിതാംബികാ അന്തർജ്ജനവും ബി. സരസ്വതി അമ്മയും രാജലക്ഷ്മിയും മാധവിക്കുട്ടിയും ഒക്കെ തുറന്നുവെച്ച വഴികളിലൂടെ ആഖ്യാനത്തിന്റെ പുതുമേഖലകൾ കണ്ടെത്തിയ സാറാ ജോസഫും ഗ്രേസിയും വത്സലയും കെ.ആർ. മീരയും ഒക്കെ പെണ്ണെഴുത്തിന്റെ തീവ്രത അടയാളപ്പെടുത്തി. സ്ത്രീമനസ്സിലെ ചിന്തകളും ഉൽക്കണ്ഠകളും ശക്തമായി ആവിഷ്കരിക്കാൻ ഈ സ്ത്രീരചനകൾക്ക് കഴിയുകയുണ്ടായി.

'ആത്മനിർവചനത്തിനു വേണ്ടിയുള്ള അന്വേഷണം, സ്വത്വസംസ്ഥാപനം, കർതൃത്വത്തിലേക്കുള്ള സ്വയാധികാരം എന്നിങ്ങനെ വ്യത്യസ്ത ധർമ്മങ്ങളാണ് സ്ത്രീകളുടെ എഴുത്തിനുള്ളത്.' (ജിസ ജോസ്, 2020, 163). പുരുഷന്റെ കാഴ്ചകളിലൂടെ മാത്രം രൂപപ്പെട്ട